# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 628** **05.06.2018- ൽ മറുപടിക്ക്**

## ചെറുകിട വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് നടപടി

**ചോദ്യം** **ഉത്തരം**

**ശ്രീ.മുഹമ്മദ് മുഹസിൻ പി.** **ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1)നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി<br>2) ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണീച്ചർ ഹബ്ബ്<br>3)സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി<br>4) എംഎസ്എംഇ കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി<br>5)സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം<br>6)തകർച്ച നേരിടുന്ന എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി<br>7) വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം<br>8)പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി.)<br>9. സംരംഭകത്വ സഹായ പദ്ധതി<br>10. പശ്ചാത്തല വികസന പദ്ധതികൾ<br>11) ഇ.ഡി.ക്ലബ്ബ്<br>12) ഇൻകുബേഷൻ സെന്ററുകൾ<br>13) ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം<br>14) സ്കീം ഫോർ റീ ഇംബേഴ്സ്മെൻറ് ഓഫ് ഇ.എസ്.ഐ & ഇ.പി.എഫ് കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രീയേറ്റിംഗ് എംപ്ലോയ്മെൻറ് ഇൻ എം.എസ്.എം.ഇ<br>15)കരകൗശല മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായം<br>16)പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ.<br>17) മുളയനുബന്ധ വ്യവസായത്തിന്റെ പ്രോത്സാഹനം<br>18) പരമ്പരാഗത മേഖലയിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി<br>19)കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള പദ്ധതി.<br>20) കരകൗശല മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം, കരകൗശല വിദഗ്ധർക്ക് അവാർഡ്, കരകൗശല വിദഗ്ധർക്ക് വാർദ്ധക്യകാല പെൻഷൻ, കേരളാ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘത്തിനു കീഴിലുള്ള തൊഴിലാളികൾക്ക് സമാശ്വാസ പെൻഷൻ, കേരളാ ദിനേശ്ബീഡി കേന്ദ്ര സഹകരണ സംഘം വില്പന നികുതിയിനത്തിൽ ഒടുക്കിയ തുക മടക്കി നൽകുക എന്നീ പദ്ധതികളും.<br>21) വ്യവസായ ജാലകം പദ്ധതി<br>മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലനപദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡവലപ്പ്മെൻറ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലനപരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ, അഗ്രോ ഫുഡ്പ്രോ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു. |
| (ബി) | ഈ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി യുവാക്കൾക്ക് പരിശീലനം നൽകുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | യുവാക്കളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുത്ത് തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളായി പരിവർത്തനം ചെയ്യാൻ വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനങ്ങളും, ടെക്നോളജി മാനേജ്മെൻറ് ഡെവലപ്മെൻറ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി ക്ലബ്ബുകൾ, സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ